പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5574 01/07/2019 ൽ മറുപടിക്ക്

**ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ നടപടി**

ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.രാജു എബ്രഹാം**
**ശ്രീ.എസ്.ശർമ്മ**
**ശ്രീ.എൻ. വിജയൻ പിള്ള**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കണമെന്ന സംസ്ഥാന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലപാട് അറിയിച്ചിട്ടില്ല. |
| (ബി) | ലക്ഷക്കണക്കിന് വരുന്ന തീർത്ഥാടകരുടെ സുരക്ഷയും അവർക്കുവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തി ശബരിമലയെ ദേശീയ നിലവാരമുള്ള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ; | (ബി) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായി ശബരിമല ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ശബരിമല മാസ്റ്റർ പ്ലാനിനനുസൃതമായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും മറ്റ് ഇടത്താവളങ്ങളിലും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു പ്രത്യേക എസ്.പി.വി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള വർക്കുകളുടെ നിർമ്മാണ | (സി) | ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ബഹു.ഹൈക്കോടതി |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | നിയമിച്ച ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെയാണ് നിർവ്വഹിച്ച വരുന്നത്. ശബരിമല തീർത്ഥാടന കേന്ദ്രത്തെ അന്തർ ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കു ന്നതിന് ലക്ഷ്യമിട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്ന തിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച വരുകയാണ്. |
| (ഡി) | മലബാർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മ ബോർഡിന്റെ പ്രവർത്തന കാര്യക്ഷമതയെ ബാധിക്കാതിരിക്കു വാനായി സർക്കാർ സഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. പ്രതി വർഷം ശംബളത്തിനും ശംബളേതര ആവശ്യങ്ങൾക്കും ക്ഷേത്രങ്ങളുടെ പുനരുദ്ധാരണപ്രവൃത്തികൾക്കും സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് കൊണ്ടാണ് മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ച വരുന്നത്. 2019-20 സാമ്പത്തിക വർഷം 36.388 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ